പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :165

28.10.2019 ൽ മറുപടിക്ക്

## കുന്ദമംഗലത്ത് ട്രാഫിക് യൂണിറ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ടി.എ. റഹീം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്തെ ഏക സബ് താലൂക്ക് ആസ്ഥാനവും എൻ.എച്ച്. 766 ലെ മുഖ്യ ജംഗ്ഷനുമായ കുന്ദമംഗലത്ത് ഒരു ട്രാഫിക് യൂണിറ്റ് ആരംഭിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും നിവേദനം സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) കുന്ദമംഗലത്ത് ഒരു ട്രാഫിക് യൂണിറ്റ് ആരംഭിക്കുന്നത് സംബന്ധിച്ച നിവേദനം സർക്കാരിൽ ലഭ്യമായിട്ടില്ല. |
| ബി) കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണറുടെ കീഴിൽ എത്ര ട്രാഫിക് യൂണിറ്റുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ; സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തുന്നില്ല എന്ന കാര്യം പരിഗണിച്ച് ഇവയിൽ ഒരു ട്രാഫിക് യൂണിറ്റ് കുന്ദമംഗലത്ത് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | ബി) കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണറുടെ കീഴിൽ ഒരു ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് നിലവിലുണ്ട്. കുന്ദമംഗലത്ത് ട്രാഫിക് യൂണിറ്റ് ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ